# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1395 13.07.2016-ൽ മറുപടിക്ക്

**റോഡപകടങ്ങളിൽ അതിവേഗം വിദഗ്ധ ചികിൽസ ലഭ്യമാക്കുന്ന ഏതെങ്കിലും പദ്ധതി**

**ചോദ്യം** | **മറുപടി**

**ശ്രീ. എൻ.എ.നെല്ലിക്കുന്ന്**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | റോഡപകടങ്ങളിൽ അതിവേഗം വിദഗ്ധ ചികിൽസ ലഭ്യവാക്കുന്ന ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; | (എ) | ഈ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം, കോഴിക്കോട്, ആലപ്പുഴ എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട് |
| (ബി) | കേന്ദ്ര സർക്കാർ ഇത്തരത്തിൽ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം സംസ്ഥാനത്തിന് കേന്ദ്ര ഫണ്ട് ലഭിക്കുന്നുണ്ടോ; | (ബി) | ആലപ്പുഴ മെഡിക്കൽ കോളേജിലെ സ്കീം ഫോർ ഡെവലപ്പ്മെന്റ് ഓഫ് ട്രോമാകെയർ സെന്റർ ഇൻ ഹോസ്പിറ്റൽസ് എന്ന പദ്ധതിയുണ്ട്. ആദ്യ ഗഡുവായി ഇൻഫ്രാസ്ട്രക്ചർ മോഡിഫിക്കേഷനും, ഉപകരണങ്ങൾക്കുമായി തുക നൽകിയിട്ടുണ്ട്. ഇത് പദ്ധതി നടപ്പാക്കുന്നതിന്റെ നോഡൽ ഓഫീസറായി ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷനെ നിയമിച്ചു. തുക നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും പ്രിൻസിപ്പാളിന്റെ അക്കൗണ്ടിലേയ്ക്ക് വന്നതിന് ശേഷമേ പണി ആരംഭിക്കുവാൻ പറ്റുകയുള്ളു. ഉപകരണങ്ങളുടെ ലിസ്റ്റ് നാഷണൽ ഹെൽത്ത് മിഷന് അയച്ചുകൊടുത്തിട്ടുണ്ട്. അവ നാഷണൽ ഹെൽത്ത് മിഷൻ പർച്ചേസ് ചെയ്യും എന്നാണറിയിച്ചിട്ടുള്ളത്. |
| (സി) | ആലപ്പുഴ മെഡിക്കൽ കോളേജിലും കണ്ണൂർ ജില്ലാ ആശുപത്രിയിലും എറണാകുളം ജനറൽ ആശുപത്രിയിലും ട്രോമാകെയർ മെച്ചപ്പെടുത്താൻ കേന്ദ്ര സർക്കാർ പണം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ലഭിച്ചത്; തുക ചെലവഴിച്ചത് എങ്ങനെയാണ്? | (സി) | ആലപ്പുഴ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ട്രോമാകെയർ ആരംഭിക്കുന്നതിനായി 2 കോടി രൂപ അനുവദിച്ചിട്ടുള്ളതും, ടി തുകയ്ക്ക് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി കെ.എം.എസ്. സി.എൽ. നെ ചുമതലപ്പെടുത്തിയതിൻ പ്രകാരം കെ.എം.എസ്.സി.എൽ ഉപകരണം വിതരണം ചെയ്തിട്ടുള്ളതുമാണ് |

**സെക്ഷൻ ഓഫീസർ**